III. ശ്രദ്ധ ക്ഷണിക്കൽ

(i) ആംഗ്ലോ ഇൻഡ്യൻ ഹൈസ്കൂൾ മാനേജുമെന്റും അദ്ധ്യാപകരും വിദ്യാർത്ഥികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

Shri Stephen Padua: I wish to call the attention of the Minister of Education to the difficulties experienced by the staff, students and managements of the seven Anglo-Indian High Schools in the State. These schools were formerly in the erstwhile Madras Province and were governed by the Madras Code for Anglo-Indian Schools. When once they came into Kerala, the Kerala Government framed "Rules for the Anglo-Indian Schools, Kerala" and these rules were implemented with effect from 1–11–1974. Accordingly provision was made for the payment of grant-in-aid to the management. But since 1974 this grant-in-aid had never been paid regularly. There was always interruption, there was always default, there was always break. Consequently the teachers could not be paid their salaries every month and teachers are put into serious difficulties. Not only the monthly salaries are defaulted but also the arrears of salary on account of refixation of pay, sanction of higher and senior grades and approval of appointments are also defaulted. These teachers are also not having benefits like festival allowance, surrender leave allowance, House loan advance and other benefits received by the teachers of other aided schools. The students are also faced with serious difficulties. In other aided schools, there is no fee collection upto S.S.L.C. class. But in these Anglo-Indian Schools they have to pay fees. Of course there is fee concession for Anglo-Indian Students. But because of the low income limit fixed, they are not able to avail of these concessions. There is a two language formula existing in these schools. Because of these two language formula-English and Malayalam or Hindi-they go down in rank at the time of admission in the colleges. They are also not eligible for scholarships. Examinations are conducted by outside agencies and results are published very late. This again put them into difficulties in getting college admission. There is no common syllabus for these seven schools. Some of them are following ISCE and one school is following the syllabus for Tamil Nadu Anglo-Indian High School Examination. Similarly the managements are not getting so far any maintenance grant since 1974. This puts them into serious difficulties in running these schools. I would therefore, request the Minister of Education to look into these difficulties and solve them. I would also propose that necessary amendments may be made in the Rules for Anglo-Indian Schools so as to enable these schools to be run smoothly and efficiently. The question of appointing an Inspector of Anglo-Indian Sehools and also the constitution of a board of Anglo-Indian Education as in other States, may also be kindly considered.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ): സർ, ഈ സംസ്ഥാനത്ത് ഒൻപത് ആംഗ്ലോ ഇൻഡ്യൻ സ്കൂളുകളാണുള്ളത്. അതിൽ ഒന്ന് ട്രെയിനിംഗ് സ്ക്കൂളാണ്. മറെറാന്ന് യു. പി. സ്കൂളാണ്. ബാക്കി ഏഴും ഹൈസ്കൂളുകളാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതു പോലെ പല പ്രശ്നങ്ങളുമുണ്ട്. ഈ ഹൈസ്കൂളുകളിൽ അഞ്ച് ഹൈസ്കൂളുകൾക്കാണ് എയിഡ് വേണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. ബാക്കി നാലു സ്കൂളുകൾ എയിഡൊന്നുമില്ലാതെ സ്വന്തമായി നടത്തിക്കൊള്ളാമെന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇവരുടെ പ്രശ്നങ്ങൾ വളരെ സങ്കീർണ്ണമാണ്. വളരെവേഗം പരിഹാരം കാണാൻ സാധിക്കുന്നതല്ല. കോടതി ചില റൂൾസ് സ്ട്രൈക്ക് ഔട്ട് ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഇവരുടെ പ്രശ്നത്തിന് പരിഹാരം കാണുകയില്ലെന്നല്ല ഗവൺമെൻറിൻെറ അഭിപ്രായം. പരിഹാരം കാണേണ്ടതാണ്. ഇതിനകംതന്നെ ഗവൺമെൻറ് സെക്രട്ടറിയും ഡി. പി. ഐ.-യും സ്കൂൾ അധികൃതരുമായി ചില ചർച്ചകൾ നടത്തിയിട്ടുണ്ട്. മിക്കവാറും ഒരു മാസത്തിനുള്ളിൽ ഞാൻ തന്നെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ കാര്യത്തെക്കുറിച്ച് ചർച്ച ചെയ്താൽ പ്രശ്നങ്ങൾക്ക് കഴിയുന്ത്ര പരിഹാരം ഉണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. ഗവൺമെൻറിൻെറ ശ്രദ്ധയിൽ ഇത് കൊണ്ടുവരുന്നതോടൊപ്പം മാനേജുമെൻറ് ഈവക കാര്യങ്ങളിൽ സഹകരിക്കണമെന്ന് അവരോട് ഉപദേശിക്കുന്നത് നന്നായിരിക്കുമെന്നാണ് തോന്നുന്നത്. എന്തായാലും ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കാം.

(ii) വൈദ്യുതി തകരാറ് മൂലം ഏലൂർമേഖലയിലെ വൻകിട വ്യവസായങ്ങൾക്കുണ്ടായ നഷ്ടം

ശ്രീ. എ. സി. ജോസ്: സർ, കേരളത്തിൻെറ വ്യവസായ സ്ഥാപനങ്ങളായ ആലുവ മേഖലയിലെ വ്യവസായങ്ങൾ വൈദ്യുതി തകരാറുമൂലം നേരിടുന്ന ഗുരുതരമായ സ്ഥിതിയെക്കുറിച്ച് ഈ സഭയുടേയും ഗവൺമെൻറിൻെറയും ശ്രദ്ധക്ഷണിക്കുകയാണ്. കേരളത്തിലെ ഏറ്റവും വലിയ വൻകിട വ്യവസായമായ എഫ്. എ. സി. ടി., ടി. സി. സി., ഐ. ആർ. ഇ., അലൂമിനിയം കമ്പനി, ഹിന്ദുസ്ഥാൻ പെസ്റ്റിസൈഡ്സ് തുടങ്ങിയ ഇരുപതോളം വൻകിട വ്യവസായങ്ങളാണ് അവിടെ പ്രവർത്തിക്കുന്നത്. അവയെല്ലാം അവിടെ ഉണ്ടാകാനുള്ള പ്രധാനമായ കാരണം വെള്ളത്തിൻെറ സൗകര്യവും ഇലക്ട്രിസിറ്റിയുടെ ലഭ്യതയും ഉള്ളതുകൊണ്ടാണ്. ഈ സ്ഥാപനങ്ങൾക്കെല്ലാംതന്നെ ഒരു വർഷമായി തുടർച്ചയായി പ്രവർത്തിക്കാൻ പറ്റാത്ത സ്ഥിതിവിശേഷം ഉണ്ടായിരിക്കുന്നു. എഫ്. എ.സി.ടി. മാത്രം ഉദാഹരണമായി എടുക്കാം. ജൂലൈ മാസം 11-ാം തീയതി മുതൽ ആഗസ്റ്റുമാസം 10-ാം തീയതിവരെ ഒൻപതു പ്രാവശ്യം വൈദ്യുതി നിലയ്ക്കുകയുണ്ടായി. ഒരു പ്രാവശ്യം വിദ്യുച്ഛക്തിയുടെ തകരാറ് ഉണ്ടായാൽ, കറൻറ് ഫെയിലുവറായാൽ ഒരു പ്ലാൻറ് പുനരാരംഭിക്കണമെങ്കിൽ മുപ്പത്തു നാല്പതു മണിക്കൂർ ആവശ്യമായിവരും. നാല്പത് മണിക്കൂർ എഫ്. എ. സി. ടി. പ്ലാൻറുകൾ പ്രവർത്തിപ്പിക്കാൻ കഴിയാതെ വരും. എഫ്. എ. സി. ടി. ഉദ്യോഗമണ്ഡലിൽ മാത്രം മൂന്ന് ഷിഫ്റ്റ് പ്രവർത്തിക്കാൻ കഴിയുന്നില്ലെങ്കിൽ വരുന്ന നഷ്ടം 17 കോടി രൂപയാണ്. അങ്ങനെ നോക്കിയാൽ ജൂലൈ 11-ാം തീയതി മുതൽ ആഗസ്റ്റ് 10-ാം തീയതിവരെ ഇലക്ട്രിസിറ്റി ഫെയിലായതുകൊണ്ടും വോൾട്ടേജ് കുറവാ

LIBRARY ARCHIVES Kerala Legislative Assembly